<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2663</u> <u>27-02-2023 - ൽ മറുപടിയ്ക്ക്</u>

<u>രജിസ്ട്രേഷൻ നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമമോ; | (എ) | സംസ്ഥാനത്ത് കേന്ദ്ര നിയമമായ 1908 -ലെ രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമഗ്രമായൊരു വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നാൽ, പൊതുജനങ്ങളിൽ നിന്നും വകുപ്പിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ചതിൽ ചതി, വഞ്ചന എന്നിവയിലൂടെയോ നിലവിലുള്ള ഏതെങ്കിലും നിയമത്തിനു എതിരായോ, കളവായി നിർമ്മിച്ചതോ ആയ ഒരു ആധാരം രജിസ്റ്റർ ചെയ്തതായി പിന്നീട് കണ്ടെത്തിയാൽ (ആൾമാറാട്ടം ഒഴികെ) അവയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ല എന്ന ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ആധാര രജിസ്ട്രേഷന് ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിന് ആധാർ അധിഷ്ഠിത ബയോമെട്രിക് ഓതെന്റിക്കേഷൻ നടപ്പാക്കാൻ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമുള്ളതായി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | ചതി, വഞ്ചന എന്നിവയിലൂടെയോ നിലവിലുള്ള ഏതെങ്കിലും നിയമത്തിനു എതിരായോ, കളവായി നിർമ്മിച്ചതോ ആയ ഒരു ആധാരം രജിസ്റ്റർ ചെയ്തതായി പിന്നീട് കണ്ടെത്തിയാൽ, അവയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് 1908 -ലെ രജിസ്ട്രേഷൻ ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ആധാര രജിസ്ട്രേഷന് രജിസ്റ്ററിങ് ഉദ്യോഗസ്ഥന് മുൻപാകെ ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിന് ആധാർ അധിഷ്ഠിത |

| | | | |
|---|---|---|---|
| | | | ബയോമെട്രിക് ഓതന്റിക്കേഷൻ നടപ്പാക്കാൻ രജിസ്ട്രേഷൻ (കേരള) ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം നിയമങ്ങൾക്കാണ് ഭേദഗതി ആവശ്യമുള്ളതെന്ന് അറിയിക്കാമോ; | (സി) | 1908 -ലെ രജിസ്ട്രേഷൻ ആക്ട്, 1958 -ലെ രജിസ്ട്രേഷൻ (കേരള) ചട്ടങ്ങൾ എന്നിവയിലാണ് ഭേദഗതി ആവശ്യമായിട്ടുള്ളത്. |
| (ഡി) | നിയമപരിഷ്കരണ നടപടികൾക്കായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ